# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2572 19.12.2012-ൽ മറുപടിയ്ക്ക്

### കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ.വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ ആരംഭിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) ജി.ഒ.(ആർ.റ്റി) നം.2690/2012/ആകുവ തീയതി, 13.08.2012 പ്രകാരം 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗിച്ച് ട്രോമ കെയർ ചികിത്സ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആകെയുള്ള 200 ലക്ഷം രൂപയിൽ നിന്നും കൊയിലാണ്ടി താലൂക്ക് ആശുപത്രിക്ക് 20 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. |
| (ബി) ട്രോമാകെയർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം സംവിധാനങ്ങളാണ് താലൂക്കാശുപത്രിയിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | (ബി) മേൽ ഉത്തരവുപ്രകാരം കാഷ്വാലിറ്റിയുടെ പുനഃക്രമീകരണത്തിനും,വെയിറ്റിംഗ് ഏരിയയിൽ ടൈല്യകൾ പാകാനും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ മുറികളുൾപ്പെടെ മറ്റ് മൈനർ സിവിൽ വർക്കുകൾക്കും 15 ലക്ഷം രൂപയും ഉപകരണങ്ങൾ വാങ്ങാൻ 5 ലക്ഷം രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. |
| (സി) പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നോഡൽ/ പ്രോഗ്രാം ഓഫീസർമാർ ആരെല്ലാമെന്നും ഇവരുടെ ഓഫീസ് വിലാസമെന്തൊന്നും വ്യക്തമാക്കുമോ; | (സി)<br>**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**<br>1) ഡോ. പ്രഭാചന്ദ്രൻ നായർ, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം. തിരുവനന്തപുരം.<br>2) ഡോ. രാജീവൻ, ആരോഗ്യവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ (ഒ.ആർ.റ്റി), ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.<br><br>**എൻ. ആർ. എച്ച്. എം.**<br>3) ഡോ. അഷീൽ, പ്രോഗ്രാം മാനേജർ. കാസർഗോഡ്. |

| | |
|---|---|
| (ഡി) ട്രോമ കെയർ സ്ഥാപിക്കുന്നതിനായി എത്ര രൂപയുടെ മുതൽമുടക്കാണ് കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയ്ക്ക് അനുവദിച്ചിട്ടുള്ളത്; | (ഡി) കൊയിലാണ്ടി താലൂക്ക് ആശുപത്രിക്ക് നിലവിലുള്ള ഉത്തരവുപ്രകാരം 20 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. |
| (ഇ) ഏതെല്ലാം തസ്തികകളാണ് പുതുതായി അനുവദിക്കുക എന്ന് വ്യക്തമാക്കാമോ ? | (ഇ) ഈ പദ്ധതി പ്രകാരം പുതിയ തസ്തികകൾ ഒന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ